പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1449

14/12/2012-ൽ
മറുപടിയ്ക്ക്

മലയോര വികസന ഏജൻസി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ.ജയരാജ്<br>ശ്രീ. പി.സി.ജോർജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ശ്രീ. കെ. സി. ജോസഫ്<br>ഗ്രാമ വികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് മലയോര വികസന ഏജൻസി രൂപീകൃതമായത് എന്നാണ്; അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) സംസ്ഥാനത്ത് മലയോര വികസന ഏജൻസി രൂപീകരിച്ചത് 14.11.2011 ലെ ജി.ഒ.(എം.എസ്)നം.60/11/പ്ലാനിംഗ് പ്രകാരമാണ്. 2012 മെയ്മാസം 28-ാം തീയതിയാണ് 1955-ലെ തിരുവിതാംകൂർ, കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തത്.<br><br>മലയോര പ്രദേശങ്ങളിലെ വികസന പ്രശ്നങ്ങൾ കണ്ടെത്തുകയും നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വെസ്റ്റേൺഘാട്ട് സെൽ, അഹാഡ്സ് മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ പരിഹാരങ്ങൾ കണ്ടെത്തുകയുമാണ് ലക്ഷ്യം. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ അടിസ്ഥാന ആവശ്യങ്ങളായ റോഡുകളുടെയും, പാലങ്ങളുടെയും, നടപ്പാതകളുടെയും നിർമ്മാണം, കുടിവെള്ള പദ്ധതികൾ, ജലസേചന പദ്ധതികൾ, ജലസംരക്ഷണ പ്രവൃത്തികൾ, മണ്ണ് സംരക്ഷണ പ്രവൃത്തികൾ തുടങ്ങിയവയും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. |
| (ബി) പ്രസ്തുത ഏജൻസിയുടെ ലക്ഷ്യ സാക്ഷാത്കാരത്തിനായി ഇതിനോടകം ചെയ്തിട്ടുള്ള പ്രവർത്തികളുടെ വിശദാംശങ്ങൾ നൽകുമോ; | (ബി) മലയോര വികസന ഏജൻസിയുടെ ലക്ഷ്യ സാക്ഷാത്കാരത്തിനായി ഈ വർഷം താഴെപ്പറയുന്ന പ്രവർത്തികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. |

1. പരിസ്ഥിതി സൗഹൃദ ചെറുകിട കുടിവെള്ള പദ്ധതി - ഇതിനായി 15 കോടിരൂപ ചെലവഴിക്കുന്നതാണ്.
2. ചെറു അരുവികളിൽ ജലസേചനത്തിനായി തടയണ നിർമ്മാണം - ഇതിനായി 10 കോടി രൂപ ചെലവഴിക്കുന്നതാണ്.
3. പച്ചക്കറി, ഫലം എന്നിവയുടെ വികസനത്തിനുള്ള പദ്ധതി - ഇതിനായി 11 കോടി രൂപ ചെലവഴിക്കുന്നതാണ്.
4. നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം റോഡു നിർമ്മാണം - ഇതിനായി 25 കോടി രൂപ ചെലവഴിക്കുന്നതാണ്

(സി) 2013-14 സാമ്പത്തിക വർഷം പ്രസ്തുത ഏജൻസി മുഖാന്തിരം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ ?

(സി) 2013-14 സാമ്പത്തിക വർഷം പ്രസ്തുത ഏജൻസി മുഖാന്തിരം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.

Bijumon

സെക്ഷൻ ഓഫീസർ

അനുബന്ധം

1. **പരിസ്ഥിതി സൗഹൃദ ചെറുകിട കുടിവെള്ള പദ്ധതി**

ജല ദൗർലഭ്യമുള്ള മലയോര പ്രദേശങ്ങളിൽ പുതിയ ചെറുകിട കുടിവെള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ എ.സി.എ പദ്ധതി പ്രകാരം നടപ്പാക്കുന്നതാണ്. ഇതിനുള്ള അടങ്കൽ തുക 15 കോടി രൂപ.

2. **ചെറു അരുവികളിൽ തടയണ നിർമ്മാണം**

ജലസേചന സൗകര്യം കുറവായ മലയോര പ്രദേശങ്ങളിൽ പുതിയ തടയണ നിർമ്മിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ എ.സി.എ പദ്ധതി പ്രകാരം നടപ്പാക്കുന്നതാണ്. ഇതിനുള്ള അടങ്കൽ തുക 15 കോടി രൂപ.

3. **പുഷ്പ, ഫല, പച്ചക്കറി വികസന പരിപാടി.**

തെരഞ്ഞെടുക്കപ്പെട്ട ബ്ളോക്ക് പഞ്ചായത്തുകളിൽ പുഷ്പ, ഫല, പച്ചക്കറി വികസന പരിപാടി കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കുന്നതാണ്. ഇതിനുള്ള ചെലവ് സ്റ്റേറ്റ് പ്ലാനിൽ 5 കോടി രൂപ.

4. **ലൈവ്‌ലിഹുഡ് മാനേജ്മെന്റ് പ്രോജക്ട്.**

ക്ഷീര വികസന പ്രവർത്തനങ്ങൾ, കാർഷിക ഉൽപ്പന്നങ്ങൾക്കുള്ള മൂല്യ വർദ്ധിത സംരംഭങ്ങൾ, മറ്റ് ദാരിദ്ര്യ നിർമ്മാർജ്ജനങ്ങൾ എന്നിവ ഇതിൽ ഉൾക്കൊള്ളിക്കുന്നു. ഈ ഇനത്തിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്ന് 10 കോടി രൂപ.

5. **മലയോര റോഡുകളുടെ പുനരുദ്ധാരണം.**

ശോച്യാവസ്ഥയിലുള്ള മലയോര റോഡുകളുടെ പുനരുദ്ധാരണത്തിന് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്ന് 15 കോടി രൂപ.

6. **ഷെൽട്ടർ കെട്ടിടങ്ങളുടെ നിർമ്മാണം**

ഭൂകമ്പം, ഉരുൾ പൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ മൂലം ദുരിതം അനുഭവിക്കുന്ന ജനങ്ങൾക്ക് അഭയം നൽകുന്നതിനുള്ള അഭയകേന്ദ്രങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിന് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്ന് 5 കോടി രൂപ.

7. **മലയോര പ്രദേശങ്ങൾക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.**

മലയോര പ്രദേശങ്ങളിൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഒരു കോടി രൂപ.

8. **റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം.**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് 27.50 കോടി രൂപ

Bijumon